


## സാർത്ഥകമായ സുവർണ്ണ വർഷങ്ങൾ

**സ:കടകംപള്ളി സുരേന്ദ്രൻ**
എം.എൽ.എ

**കേരള** സെക്രട്ടേറിയറ്റ് ജീവനക്കാരുടെ സമരസംഘടനയ്ക്ക് അമ്പതിന്റെ ചെറുപ്പം. 1973 ലെ സമരതീക്ഷ്ണമായ നാളുകളിൽ പിറവിയെടുത്ത സംഘടന അമ്പത് വർഷങ്ങൾ പൂർത്തിയാക്കുമ്പോൾ കേരളീയ സമൂഹം നേരിടുന്ന സാമൂഹ്യ, ജീവൽ പ്രശ്നങ്ങളിലും, പ്രതിസന്ധി ഉയർത്തുന്ന അസാധാരണ സന്ദർഭങ്ങളിലും കേരളീയ സമൂഹത്തോടൊപ്പം തോൾ ചേർന്നുനിന്ന് സെക്രട്ടേറിയറ്റ് ക്യാമ്പസിൽ നിന്നും പുറത്തുകടന്ന് അതിന്റെ സാമൂഹ്യ പ്രതിബദ്ധത തെളിയിച്ചിരിക്കുകയാണ്. എല്ലാവർക്കും ഭക്ഷണം, കിടപ്പാടം എന്നിവ നൽകിക്കൊണ്ട് സാമൂഹ്യ സുരക്ഷ ഉറപ്പാക്കുന്ന നയങ്ങളാണ് ഇന്ന് കേരളം ഭരിച്ചു കൊണ്ടിരിക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ നടപ്പാക്കി വരുന്നത്. കേരളീയ സമൂഹത്തിൽ പട്ടിണി ഇല്ലാതാക്കുക എന്ന ലക്ഷ്യത്തിലൂന്നി അതീവ ദരിദ്രരെ കണ്ടെത്തുന്നതിനായി തീവ്രയത്ന പരിപാടികൾ ആവിഷ്ക്കരിച്ചുകൊണ്ടിരിക്കുയാണ്. തീരദേശ മേഖലയിലെ ജനങ്ങളുടെ അടിസ്ഥാന പാർപ്പിട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പുനർഗേഹം പദ്ധതിയും നടപ്പാക്കി വരുന്നു. ഒരു സർവ്വീസ് സംഘടനയുടെ പരിമിതികൾക്കുള്ളിലും കേരള സെക്രട്ടേറിയറ്റ് എംപ്ലോയീസ് അസോസിയേഷൻ ഇടതുപക്ഷ സർക്കാരിന്റെ നയങ്ങളെ ശിരസാവഹിച്ചു കൊണ്ട് സഹജീവിസ്നേഹം ഉയർത്തുന്ന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടുണ്ട്, എന്നത് പ്രശംസനീയമാണ്. വീടില്ലാത്തവർക്ക് വീട് വെച്ച് കൊടുക്കുന്ന സ്നേഹവീട് പദ്ധതി, 2018, 2019 വർഷങ്ങളിലെ പ്രളയകാല ദുരിതാശ്വാസ പ്രവർത്തനങ്ങൾ, കോവിഡ് കാല അടച്ചിടൽ സമയത്തെ സാമൂഹ്യ അടുക്കള, ഇതിനെല്ലാം ഉപരിയായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള അകമഴിഞ്ഞ ധനസഹായം ഇവയൊക്കെയും കേരള സെക്രട്ടേറിയറ്റ് എംപ്ലോയീസ് അസോസിയേഷന്റെ യശസ്സ് ഉയർത്തിയ പരിപാടികളാണ്. കേവലമായ സർവ്വീസ് സംഘടന എന്ന മേൽവിലാസത്തിൽ കവിഞ്ഞ് തിരുവനന്തപുരം എന്ന തലസ്ഥാന നഗരത്തിലെ രാഷ്ട്രീയ സാമൂഹ്യ രംഗങ്ങളിൽ മുഖ്യമായ പങ്ക് വഹിക്കാൻ കഴിയുന്ന രീതിയിലേക്ക് കേരള സെക്രട്ടേറിയറ്റ് എംപ്ലോയീസ് അസോസിയേഷന്റെ പ്രവർത്തനം മുന്നോട്ട് നീങ്ങിയെന്നത് കേരളത്തിലെ സിവിൽ സർവ്വീസ് രംഗത്തെ മറ്റ് സംഘടനകൾക്ക് മാതൃകയാണ്. സാധാരണക്കാരന് നീതി ലഭിക്കുന്ന രീതിയിൽ ജനപക്ഷനയങ്ങൾ നടപ്പാക്കുന്നതിന് സമരതീക്ഷ്ണമായ 50 വർഷങ്ങൾ പിന്നിട്ട് സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന കേരള സെക്രട്ടേറിയറ്റ് എംപ്ലോയീസ് അസോസിയേഷന് നിർണ്ണായകമായ പങ്ക് വഹിക്കാൻ കഴിയും. അതിനുള്ള കാഹളമാകട്ടെ മെയ് 16, 17 തീയതികളിൽ എ.കെ.ജി ഹാളിൽ ചേരുന്ന സുവർണ്ണ ജൂബിലി സമ്മേളനം.

## സമരതീക്ഷ്ണതയുടെ അമ്പത് വർഷങ്ങൾ

**പി.ഹണി**
പ്രസിഡന്റ്, കെ.എസ്.ഇ.എ.

**അടിച്ചമർത്തലിനും,** ചൂഷണങ്ങൾക്കും വിധേയരായി, ഭരണകർത്താക്കളുടെ പിണിയാളുകളായി അധഃപതിച്ചുപോയ ഒരു കൂട്ടം ജീവനക്കാരെ സമര തീക്ഷ്ണതയുടെ പന്ഥാവിലേക്ക് നയിച്ചു കൊണ്ട് കേരള സെക്രട്ടേറിയറ്റ് എംപ്ലോയീസ് അസോസിയേഷൻ രൂപം കൊണ്ടതിന്റെ അമ്പതാം വാർഷിക സമ്മേളനം 2023 മെയ് 16,17 തീയതികളിലായി എ.കെ.ജി ഹാളിൽ ചേരുകയാണ്. 1973 ലെ ഐതിഹാസികമായ പണിമുടക്കിന്റെ ഉൽപ്പന്നമായി പിറവിയെടുത്ത കേരള സെക്രട്ടേറിയറ്റ് എംപ്ലോയീസ് അസോസിയേഷന് സമാനതകളില്ലാത്ത അടിച്ചമർത്തലിന്റെ കഥകൾ പറയാനുണ്ട്. വലതു ഭരണ കർത്താക്കളുടെ നിരന്തര പീഢനത്തിന് വിധേയരായെങ്കിലും ഉള്ളിൽ നിറയുന്ന വിപ്ലവബോധവും സഹജീവിസ്നേഹവും കൈമുതലാക്കിക്കൊണ്ട് സംഘടനയെ മുന്നോട്ട് നയിച്ചവരെ കൃതജ്ഞതയോടെ സ്മരിക്കേണ്ടതുണ്ട്. ഒരു വർഷക്കാലം നീണ്ട് നിന്ന സുവർണ്ണ ജൂബിലി ആഘോഷങ്ങൾക്ക് പരിസമാപ്തി കുറിക്കുമ്പോൾ വകുപ്പ്- കാറ്റഗറി ഭേദമില്ലാതെ കേരള സെക്രട്ടേറിയറ്റിലെ ഓരോ ജീവനക്കാരനും ഇത് എന്റെ സംഘടനയാണ് എന്ന ആത്മവിശ്വാസത്തോടെ പറയാനാകും. സാധാരണ ജീവനക്കാരന്റെ ജീവൽ പ്രശ്നങ്ങളിൽ ഇടപെട്ട് തൊഴിലാളി വർഗ്ഗ രാഷ്ട്രീയം ഉയർത്തി പിടിക്കാൻ ഇന്ന് മറ്റൊരു സംഘടനയില്ല എന്ന ബോധ്യം ജീവനക്കാർക്കുണ്ട്. കേവലം നൂറിൽ താഴെ ജീവനക്കാരുമായി ആരംഭിച്ച സംഘടനയ്ക്ക് ഇന്ന് നാലായിരത്തിൽപ്പരം ജീവനക്കാരുടെ അംഗീകാരമുണ്ടെന്നത് കേരള സെക്രട്ടേറിയറ്റിലെ ഏക സംഘടന എന്ന ലക്ഷ്യത്തിലേക്ക് അധികദൂരമില്ല എന്നതിന്റെ തെളിവാണ്. അന്ധമായ കാറ്റഗറി ഭേദം നിലനിന്നിരുന്ന സെക്രട്ടേറിയറ്റിൽ പാർട്ട് ടൈം ജീവനക്കാർ മുതൽ സ്പെഷ്യൽ സെക്രട്ടറി വരെയുള്ള ജീവനക്കാരെ ഒരേ മനസ്സോടെ പ്രതിനിധാനം ചെയ്തുകൊണ്ട് കാറ്റഗറി വികാരത്തെ പടിക്കുപുറത്താക്കുന്നതിൽ തൊഴിലാളി വർഗ്ഗ സംഘടനയെന്ന നിലയിൽ കേരള സെക്രട്ടേറിയറ്റ് എംപ്ലോയീസ് അസോസിയേഷന് കഴിഞ്ഞിട്ടുണ്ട്. പൊതു സമൂഹത്തെ വർഗ്ഗീയമായി വേർതിരിക്കാൻ ഛിദ്രശക്തികൾ നടത്തുന്ന ശ്രമങ്ങൾക്കെതിരെ യോജിച്ച പോരാട്ടമുഖം തുറക്കുന്നതിന് കേരള സെക്രട്ടേറിയറ്റ് എംപ്ലോയീസ് അസോസിയേഷൻ പ്രതിജ്ഞാബദ്ധമാണ്. അത്തരം പോരാട്ടങ്ങൾക്കായി സെക്രട്ടേറിയറ്റിലെ ജീവനക്കാർ ഒരുമിച്ച് മുന്നേറുന്നതിനുള്ള ഊർജ്ജമാകും സുവർണ്ണ ജൂബിലി സമ്മേളനം എന്ന് പ്രത്യാശിക്കാം.

## പോരാട്ടത്തിന്റെ സമരവഴികൾ

**കെ.എൻ.അശോക് കുമാർ**
ജനറൽ സെക്രട്ടറി, കെ.എസ്.ഇ.എ.

**സംസ്ഥാനങ്ങളുടെ** ഫെഡറൽ അവകാശങ്ങളെ തുറന്നെതിർക്കുന്ന കേന്ദ്ര നയങ്ങളുടെ ചുഴിയിൽ പെട്ടിരിക്കുകയാണ് ഇന്ന് കേരള സർക്കാർ. സമസ്ത രംഗങ്ങളിലും സ്വകാര്യവത്ക്കരണം ഏർപ്പെടുത്തിയ കേന്ദ്രം, പാവപ്പെട്ട ജനങ്ങളെ ഉദാരീകരണ നയങ്ങളുടെ ബലിയാടുകളാക്കി മാറ്റിയിരിക്കുന്നു. കേന്ദ്ര- സംസ്ഥാന ബന്ധങ്ങളുടെ അടിസ്ഥാനശിലയായ ഫെഡറൽ തത്വങ്ങളെ നേരിട്ടെതിർത്തുകൊണ്ട് ബി.ജെ.പി സർക്കാർ തീർക്കുന്ന ഉപരോധത്തിൽ നട്ടം തിരിയുമ്പോഴും പാവപ്പെട്ടവരുടെ അത്താണിയായി മാറുകയാണ് കേരളത്തിലെ ഇടതു ജനാധിപത്യ മുന്നണി സർക്കാർ ഭരണഘടനയുടെ അടിസ്ഥാന തത്വങ്ങളെ മാറ്റി മറിച്ച് മതാധിപത്യത്തിന് വഴിയൊരുക്കുന്നതോടൊപ്പം മതന്യൂനപക്ഷങ്ങളെ വരുതിയിലാക്കുന്നതിനുമുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിച്ചു കൊണ്ടിരിക്കുന്നത്. ഇന്ത്യൻ ജനാധിപത്യത്തിന്റെ മുഖമുദ്രയായ മതനിരപേക്ഷത ഇന്ന് ശക്തമായ വെല്ലുവിളി നേരിട്ടു കൊണ്ടിരിക്കുകയാണ്. രാഷ്ട്രീയ വൈരാഗ്യം കൊണ്ട് സംസ്ഥാനത്തിന് അർഹമായ സാമ്പത്തികാനുകൂല്യങ്ങൾ വരെ നിഷേധിച്ചു കൊണ്ടിരിക്കുന്ന കാലയളവിലാണ് കേരള സെക്രട്ടേറിയറ്റ് എംപ്ലോയീസ് അസോസിയേഷൻ അതിന്റെ സുവർണ്ണ ജൂബിലി സമ്മേളനം ആഘോഷിക്കുന്നത്. ജനപക്ഷ സിവിൽ സർവ്വീസ് എന്ന പ്രഖ്യാപിത ലക്ഷ്യവുമായി മുന്നോട്ട് നീങ്ങുന്ന കേരളത്തിലെ സിവിൽ സർവ്വീസ് സംഘടന രംഗത്ത് എന്നും തങ്ങളുടേതായി പങ്ക് വഹിച്ച ചരിത്രമാണ് കേരള സെക്രട്ടേറിയറ്റ് എംപ്ലോയീസ് അസോസിയേഷനുള്ളത്. ഭരണാധികാരികളുടെ അടിച്ചമർത്തൽ നടപടികൾക്ക് ഇരയായിട്ടും ത്യാഗസുരഭിലമായ പ്രവർത്തനങ്ങളിലൂടെ സംഘടനാ പ്രവർത്തനത്തെ മുന്നോട്ട് നയിച്ച ചരിത്രമാണ് ഈ സംഘടനയ്ക്കുള്ളത്. സർവ്വീസിൽ നിന്നും പിരിച്ചുവിടപ്പെട്ടും, കാരാഗൃഹവാസം അനുഷ്ഠിച്ചും വിട്ടു വീഴ്ചകളില്ലാത്ത പോരാട്ടങ്ങൾക്ക് നേതൃത്വം നൽകി ഭരണാധികാരികളുടെ, കണ്ണിലെ കരടായി മാറിയ പൂർവ്വ സൂരികൾ പകർന്ന് നൽകിയ സംഘടനയുടെ വിപ്ലവബോധവും സമരതീക്ഷ്ണതയും ഇന്നും സംഘടനയ്ക്ക് കൈമോശം വന്നിട്ടില്ല. സിവിൽ സർവ്വീസ് രംഗത്തെ അവകാശ പോരാട്ടങ്ങൾക്കൊപ്പം സാമൂഹ്യ പ്രതിബദ്ധതയോടെ പൊതുസമൂഹത്തിന് മാതൃകയാകുന്ന നിരവധി പ്രവർത്തനങ്ങളും സംഘടന ഏറ്റെടുത്ത് നടപ്പാക്കുന്നുണ്ട്. കിടപ്പാടം ഇല്ലാത്ത പാവങ്ങൾക്ക് പാർപ്പിട സൗകര്യം നൽകുന്ന സ്നേഹവീട് പദ്ധതി ഇതിന്റെ ഒടുവിലത്തെ ഉദാഹരണമാണ്. കഴിഞ്ഞ അമ്പത് വർഷക്കാലത്തെ സമര ചരിത്രത്തെ ഉൾക്കൊണ്ട് ഭാവിയിലേക്കുള്ള പ്രവർത്തനോർജ്ജം സമാഹരിക്കാൻ എല്ലാ അംഗങ്ങൾക്കും വേദിയാകും സുവർണ്ണ ജൂബിലി സമ്മേളനം.

## കാര്യപരിപാടി

**2023 മെയ് 17 ബുധൻ**

| | | |
|---|---|---|
| 10.30 | : | പ്രകടനം |
| 11.30 | : | ഉദ്ഘാടന സമ്മേളനം |
| അദ്ധ്യക്ഷൻ | : | പ്രസിഡന്റ്, കെ.എസ്.ഇ.എ |
| സ്വാഗതം | : | സ: കടകംപള്ളി സുരേന്ദ്രൻ എം.എൽ.എ<br>ചെയർമാൻ, സ്വാഗതസംഘം |
| ഉദ്ഘാടനം | : | സ: പിണറായി വിജയൻ<br>ബഹു:മുഖ്യമന്ത്രി |
| അഭിവാദ്യം | : | സ. വി.ജോയി എം.എൽ.എ<br>സി.പി.ഐ(എം) ജില്ലാ സെക്രട്ടറി, തിരുവനന്തപുരം |
| | : | സ. എം.എ.അജിത്ത് കുമാർ<br>ജനറൽ സെക്രട്ടറി, എൻ.ജി.ഒ. യൂണിയൻ |
| | : | സ. എൻ.ടി.ശിവരാജൻ<br>ജനറൽ സെക്രട്ടറി, KSTA |
| | : | സ. എസ്.ആർ.മോഹനചന്ദ്രൻ<br>ജനറൽ സെക്രട്ടറി, KGOA |
| | : | സ. എസ്.സതികുമാർ<br>ജനറൽ സെക്രട്ടറി, KLSSA |
| കൃതജ്ഞത | | സ. കെ.എൻ.അശോക് കുമാർ<br>ജനറൽ കൺവീനർ, സ്വാഗതസംഘം |
| 2.00 | : | മധുരം ഗായതി |
| | : | നാടകം |
| | : | മ്യൂസിക് ലൈവ്<br>അവതരണം ഷിയോൺസജി |
| 3.00 | : | കുടുംബസംഗമം |
| ഉദ്ഘാടനം | : | സ: വീണാ ജോർജ്<br>ബഹു.ആരോഗ്യ വകുപ്പ് മന്ത്രി |
| 4.00 | : | സുരേന്ദ്രൻ സ്മാരക സാഹിത്യ അവാർഡ് വിതരണം<br>ടാലന്റ് ടൈം സമ്മാനദാനം<br>സ്പോർട്സ് സമ്മാനദാനം |
| 5.00 | : | ഗാനമേള<br>അവതരണം : കണ്ണൂർ ബീറ്റ്സ് |






RNI Reg. No. 44790/90. Vol. XXXV No.130 Reg.No. KL/TV(N)/33/2018-20. Printed and Published by K J THOMAS On behalf of CPI(M) Kerala State Committee and Printed at P Krishna Pillai Memorial Printing and Publishing Co. (P) Ltd. Thampanoor, Thiruvananthapuram-695 001
Editor: Puthalath Dinesan (Responsible for selection of news under the PRB Act) Chief Editor: Puthalath Dinesan. Phone: 0471 2701800. Email: dbitvm@gmail.com, website: www.deshabhimani.com